**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3384** **08-10-2025 - ൽ മറുപടിയ്ക്ക്**

**പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന്, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, ശ്രീ. യു. എ. ലത്തീഫ്, ശ്രീ. പി. ഉബൈദുള്ള | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിദ്യാലയങ്ങളിൽ മുൻവർഷത്തേക്കാൾ ഈ അദ്ധ്യയന വർഷത്തിൽ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | പൊതുവിദ്യാലയത്തിൽ (സർക്കാർ, എയ്ഡഡ്) മുൻ വർഷത്തെക്കാൾ ഈ അധ്യയന വർഷത്തിൽ ആകെ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ട്.<br><br>പൊതുവിദ്യാലയങ്ങളിൽ (സർക്കാർ, എയ്ഡഡ്) കഴിഞ്ഞ അധ്യയനവർഷം ഒന്നു മുതൽ ഒമ്പത് വരെ ക്ലാസുകളിൽ പഠിച്ച കുട്ടികളാണ് ഈ വർഷം രണ്ടു മുതൽ 10 വരെ ക്ലാസുകളിലായി പഠിക്കുന്നത്. ഇത്തരത്തിൽ മുൻ വർഷത്തേതുമായി താരതമ്യം ചെയ്യുമ്പോൾ ഈ വർഷം എല്ലാ ക്ലാസ്സിലും (2 മുതൽ 10 വരെ) വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വർദ്ധനവ് ചുവടെ ചേർക്കുന്നു. |

| 2025-2026 അധ്യയന വർഷം ഓരോ ക്ലാസ്സിലും വർദ്ധനവ് വന്ന കുട്ടികളുടെ എണ്ണം | |
|---|---|
| **ക്ലാസ്സ്** | **കുട്ടികളുടെ എണ്ണം** |
| 2 | 3044 |
| 3 | 250 |
| 4 | 806 |
| 5 | 8939 |
| 6 | 3874 |
| 7 | 3682 |
| 8 | 15128 |
| 9 | 4800 |
| 10 | 383 |
| **ആകെ** | **40906** |

| | | | |
|---|---|---|---|
| | | | 2024 മാർച്ചിൽ 4.01 ലക്ഷം കുട്ടികൾ പൊതുവിദ്യാലയങ്ങളായ സർക്കാർ, എയ്ഡഡ് വിദ്യാലയങ്ങളിൽ നിന്നും പത്താം ക്ലാസ് പഠനം പൂർത്തിയാക്കി അടുത്ത ഘട്ടം വിദ്യാഭ്യാസത്തിന് പോയി. 2025 ജൂണിൽ ഒന്നാം ക്ലാസിൽ എത്തിച്ചേർന്നത് 2.34ലക്ഷം കുട്ടികളാണ്. ജനനനിരക്കിൽ വന്ന കുറവ് സ്വാഭാവികമായും സ്കൂൾ പ്രവേശനത്തെ ബാധിച്ചതായും, ഒന്നാം ക്ലാസിൽ എത്തിച്ചേർന്ന കുട്ടികളുടെ എണ്ണത്തിൽ കുറവ് വന്നതായും കാണാൻ സാധിക്കും. 2 മുതൽ 10 വരെ എല്ലാ ക്ലാസ്സുകളിലും വർദ്ധനവാണ് ഈ അധ്യയനവർഷം വന്നിട്ടുള്ളത്.<br><br>എസ്.എസ്.എൽ.സി പാസായ വിദ്യാർത്ഥികളുടെ എണ്ണം അടിസ്ഥാനപ്പെടുത്തുമ്പോൾ ഹയർ സെക്കന്ററി തലത്തിൽ പൊതുവിദ്യാലയങ്ങളിൽ പ്രവേശനം നേടിയ കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടില്ല. |
| (ബി) | കുട്ടികൾ കുറയുന്നതുമൂലം അദ്ധ്യാപക തസ്തികകളിൽ കുറവ് ഉണ്ടാകാൻ സാധ്യതയുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | അധ്യയനവർഷം ആരംഭിച്ച് ആറാം പ്രവൃത്തി ദിനത്തിലെ കുട്ടികളുടെ വാലിഡ് UID അടിസ്ഥാനമാക്കി വിദ്യാർത്ഥികളുടെ എണ്ണം കണക്കാക്കി ജൂലൈ 15 നകം തസ്തിക നിർണ്ണയം പൂർത്തിയാക്കണം എന്ന് KER അദ്ധ്യായം 23 ചട്ടം 12 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ കുട്ടികളുടെ എണ്ണം കുറഞ്ഞാൽ ആനുപാതികമായി അദ്ധ്യാപക തസ്തികകളിൽ കുറവ് ഉണ്ടാകാൻ സാധ്യതയുണ്ട്. |
| (സി) | പൊതുവിദ്യാലയങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | (സി) | **<u>സമഗ്രഗുണമേന്മാ വിദ്യാഭ്യാസ പദ്ധതി</u>**<br>സമഗ്ര ഗുണമേന്മ പദ്ധതിയിൽ പൊതുവിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ ഉയർത്തുന്നതിനും അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിനുമായി എട്ട് മേഖലകളായി തിരിച്ച് വിശദമായ ആക്ഷൻ പ്ലാൻ ഉൾപ്പെടുത്തി സർക്കാർ ഉത്തരവ് 2182/2025/പൊ.വി. തീയതി 22/03/2025 പുറപ്പെടുവിക്കുകയുണ്ടായി. പദ്ധതി പ്രകാരം താഴെ സൂചിപ്പിച്ചിട്ടുള്ള പ്രവർത്തന പുരോഗതി റിപ്പോർട്ട് ചെയ്യുന്നു.<br><br>**<u>അക്കാദമിക മാസ്റ്റർ പ്ലാൻ</u>**<br>സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി അക്കാദമിക് മുന്നേറ്റം ലക്ഷ്യം വച്ച് എല്ലാ സ്കൂളുകളിലും അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ അക്കാദമിക മാസ്റ്റർ പ്ലാൻ, വിശദീകരണം, പൊതുഘടന, സ്കൂളുകൾക്ക് സ്വയം വിലയിരുത്താനുള്ള മാർഗ്ഗരേഖ എന്നിവ ചേർത്തിട്ടുണ്ട്. അക്കാദമിക മാസ്റ്റർപ്ലാൻ ഈ അധ്യയന വർഷം നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തനപുരോഗതി സമഗ്ര പ്ലസിൽ രേഖപ്പെടുത്തുന്നു. എല്ലാ സ്കൂളുകളിലും അക്കാദമിക മാസ്റ്റർപ്ലാൻ തയ്യാറാക്കി പ്രാവർത്തികമാക്കുന്നത് സംബന്ധിച്ച പരിശോധന വിദ്യാഭ്യാസ ഓഫീസർമാർ മോണിറ്ററിംഗിൽ ഉറപ്പുവരുത്തുന്നു. സ്കൂൾ വിക്കിയിലും അക്കാദമിക മാസ്റ്റർപ്ലാൻ സംബന്ധിച്ച വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്.<br><br>**<u>അക്കാദമിക മോണിറ്ററിംഗ്:</u>**<br>സമഗ്ര പ്ലസ് അടിസ്ഥാനപ്പെടുത്തി പ്രഥമാദ്ധ്യാപകർക്കും, വിദ്യാഭ്യാസ ഓഫീസർമാർക്കും പരിശീലനം നൽകി. ക്ലാസ്സ് അടിസ്ഥാനത്തിൽ പഠന നേട്ടങ്ങൾ കൈവരിക്കുന്നതും ടീച്ചിംഗ് മാന്വലിൽ അത് പ്രതിഫലിപ്പിക്കുന്നതിനും ഓൺലൈനായി രേഖപ്പെടുത്തലുകൾ നടത്തുന്നതിന് പരിശീലനം നൽകി. സഹിതം പോർട്ടലിൽ കുട്ടികളുടെ പഠനനില രക്ഷിതാക്കൾക്ക് കൂടി വീക്ഷിക്കുന്ന തരത്തിൽ ലോഗിൻ നൽകിയിട്ടുണ്ട്. ഒന്നാം പാദവാർഷിക പരീക്ഷയോട് |

അനുബന്ധിച്ച് Competency based analytical ചോദ്യപേപ്പറുകളുടെ അടിസ്ഥാനത്തിൽ പരീക്ഷ നടത്തിയിട്ടുണ്ട്.

**<u>സബ്ജക്റ്റ് മിനിമം</u>**

സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി 1 മുതൽ 10 -വരെ ക്ലാസുകളിലായി ജനപങ്കാളിത്തത്തോടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പരിപാടി രൂപീകരിക്കുന്നതിന് 2024-25 അധ്യയന വർഷം എട്ടാം ക്ലാസിലും 2025-26 അധ്യയന വർഷം 8, 9 ക്ലാസ്സുകളിലും 2026-27 അധ്യയന വർഷം 8, 9, 10 ക്ലാസ്സുകളിലും എഴുത്തു പരീക്ഷയിൽ സബ്ജക്റ്റ് മിനിമം നടത്തുന്നതിന് സർക്കാർ ഉത്തരവ് 103/2024/പൊ.വി.വ. തീയതി 16/08/2024 പ്രകാരം തീരുമാനിച്ചിരുന്നു.

ഒരു അധ്യയന വർഷത്തിൽ അതത് വിഷയങ്ങളിൽ നേടേണ്ട പഠനലക്ഷ്യങ്ങൾ ആർജ്ജിക്കാതെ തൊട്ടടുത്ത ക്ലാസിലേക്ക് പ്രവേശനം നൽകുന്നത് കുട്ടികളുടെ അക്കാദമിക് മുന്നേറ്റത്തിന് സഹായകരമല്ല. ഈ സാഹചര്യത്തിൽ അതത് ക്ലാസിലെ പഠനലക്ഷ്യം നേടിയെന്ന് ഉറപ്പാക്കുന്നതിനും തുടർപഠനം സാധ്യമാക്കുന്നതിനും 2024-25 അധ്യയന വർഷം എട്ടാം ക്ലാസ്സിൽ എഴുത്തു പരീക്ഷയിൽ സബ്ജക്റ്റ് മിനിമം ഏർപ്പെടുത്തിയിരുന്നു. എഴുത്ത് പരീക്ഷയിൽ സബ്ജക്റ്റ് മിനിമം ആർജ്ജിക്കാത്ത കുട്ടികൾക്ക് സ്കൂൾ അധ്യയന വർഷം ആരംഭത്തിൽ ബ്രിഡ്ജ് കോഴ്സ് നൽകി പഠന പിന്തുണ നൽകിയിരുന്നു. ഈ അധ്യയന വർഷം യു.പി തലത്തിലേക്കും കൂടി ഇത് വ്യാപിക്കുന്നതിന് ആവശ്യമായ നിർദേശം നൽകിയതിൻ്റെ അടിസ്ഥാനത്തിൽ നടപടികൾ തുടർന്നുവരുന്നു.

**<u>ടീച്ചിംഗ് മാനുവൽ തയ്യാറാക്കുന്നതും. എസ്.ആർ.ജി ചർച്ചയും</u>**

ടീച്ചിംഗ് മാനുവൽ (പഠനാസൂത്രണം) സമർപ്പിക്കുന്നതിന് പ്രഥമാദ്ധ്യാപകർ/ വിദ്യാഭ്യാസ ഓഫീസർമാർ എന്നിവർക്ക് അക്കാദമിക മോണിറ്ററിംഗ് നടത്തുന്നതിന് അക്കാദമിക മാസ്റ്റർ പ്ലാനിന്റെ പ്രധാന തീരുമാനങ്ങൾ ഉൾപ്പെടെ എസ്.ആർ.ജി മീറ്റിംഗിന്റെ ഭാഗമായി രേഖപ്പെടുത്താനും അവ നടപ്പിലാക്കിയെന്ന് മോണിറ്റർ ചെയ്യാനും സമഗ്ര പ്ലസ്സിൽ അവസരം നൽകിയിട്ടുണ്ട്. നിലവിൽ സമഗ്ര പ്ലസ് പോർട്ടലിൽ അധ്യാപകർ രജിസ്റ്റർ ചെയ്യുകയും, Class Monitoring നടത്തി പോർട്ടലിൽ upload ചെയ്യുകയും, കൂടാതെ Teaching Manual Submit ചെയ്തിട്ടുമുണ്ട്.

**<u>ലിറ്റിൽ മാസ്റ്റേഴ്സ്</u>**

സ്വാഭാവികവും നൈസർഗികവുമായ വാസനകളും കഴിവുകളും താല്പര്യങ്ങളും എല്ലാ കുട്ടികൾക്കുമുണ്ട്. എന്നാൽ ചില കുട്ടികളിൽ ഈ സ്വാഭാവികതയ്ക്കപ്പുറമായ ചിന്താശേഷിയും താല്പര്യങ്ങളും കഴിവുകളും ഉള്ളതായി കാണാം. ഇത്തരം കുട്ടികളെ പൊതുവെ നമ്മൾ പ്രതിഭാധനരായ കുട്ടികളായി പരിഗണിക്കുന്നു. പ്രൈമറി തലത്തിൽ പഠിക്കുന്ന ഇത്തരം പ്രതിഭാധനർക്കുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പ് തുടക്കം കുറിക്കുന്ന പദ്ധതിയാണ് ലിറ്റിൽ മാസ്റ്റേഴ്സ്. ഈ പ്രതിഭാധനരുടെ ചിന്തകളേയും താല്പര്യങ്ങളേയും കഴിവുകളേയും പ്രത്യേകമായി പരിഗണിച്ചുകൊണ്ടുള്ള ബൗദ്ധികവും സർഗ്ഗാത്മകവുമായ പോഷണ പരിപാടികളിലൂടെ ഇവരുടെ പ്രതിഭയെ വളർത്തിയെടുക്കാനുള്ള ശ്രമമാണ് ലിറ്റിൽ മാസ്റ്റേഴ്സ് എന്ന ഈ പദ്ധതി.

കേരളത്തിലെ എൽ.എസ്.എസ് വിജയിച്ച കുട്ടികളിൽ നിന്ന്

തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്കായി നടത്തുന്ന പദ്ധതിയാണ് ലിറ്റിൽ മാസ്റ്റേഴ്സ്. ക്ലാസ്റൂം പ്രവർത്തനങ്ങൾക്ക് ഉപരിയായ വൈവിധ്യമാർന്ന അനുഭവങ്ങൾ കുട്ടികൾക്ക് പ്രദാനം ചെയ്യുക എന്നതാണ് പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ വിമർശനാത്മകചിന്ത, ഗവേഷണാഭിരുചി, മാനവികത, സ്വതന്ത്രചിന്ത, ക്രിയാത്മകത, അറിവിന്റെ കാലോചിത നവീകരണം എന്നിവ വികസിപ്പിക്കാൻ സഹായകമാകുന്ന തരത്തിലുള്ള അനുഭവങ്ങളാണ് ലിറ്റിൽ മാസ്റ്റേഴ്സിന് ലഭ്യമാകുക. പ്രതിഭകളുടെ സവിശേഷമായ കഴിവുകൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും പദ്ധതി സഹായിക്കുന്നു. ഈ പ്രോഗ്രാം 27/09/2025-ന് ആരംഭിക്കുന്നതിനുള്ള നിർദേശം വിദ്യാഭ്യാസ ഓഫീസർമാർക്ക് നൽകിയിട്ടുണ്ട്.

**സ്കൂൾ ഗ്രേഡിംഗ്**

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്കൂളുകളെ സംസ്ഥാനത്തുടനീളമുള്ള മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിന് സ്കൂൾ ഗ്രേഡിംഗ് പ്രോഗ്രാം നടപ്പിലാക്കുന്നു. ഉയർന്ന പ്രകടനം കാഴ്ചവയ്ക്കുന്ന സ്കൂളുകളെ തിരിച്ചറിയാനും അവരുടെ കഴിവുകൾ ശക്തിപ്പെടുത്താനും വിദ്യാഭ്യാസ സമ്പ്രദായത്തിലുടനീളം തുടർച്ചയായ പുരോഗതിയുടെ സംസ്കാരം പ്രോത്സാഹിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. സംസ്ഥാനത്തുടനീളമുള്ള തിരഞ്ഞെടുത്ത എല്ലാ സ്കൂളുകളും ഗ്രേഡിംഗ് പ്രക്രിയയ്ക്ക് വിധേയമാകും. ഓരോ സ്കൂളും ഗുണനിലവാര സൂചകങ്ങളെ അടിസ്ഥാനമാക്കി സമഗ്രമായ സ്വയം വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കും. ഓരോ സ്കൂളും സന്ദർശിച്ച് സ്വയം വിലയിരുത്തൽ പരിശോധിച്ച് സ്കൂൾ അധികൃതരുമായി ആശയവിനിമയം നടത്തുന്നതിനും അവരുടെ പ്രകടനത്തെ അടിസ്ഥാനമാക്കി, സ്കൂളുകളെ എ, ബി അല്ലെങ്കിൽ സി ആയി തരംതിരിക്കും. ഗ്രേഡിംഗിന് ശേഷം, ഓരോ ഉപജില്ലയിൽ നിന്നും ഉയർന്ന ഗ്രേഡ് നേടിയ മികച്ച 20% സ്കൂളുകളെ അടുത്തഘട്ട കേന്ദ്രീകൃത ഇടപെടലുകൾക്കായി തിരഞ്ഞെടുക്കും. ഈ തിരഞ്ഞെടുപ്പിൽ സർക്കാർ സ്കൂളുകൾക്കായിരിക്കും മുൻഗണന. തിരഞ്ഞെടുത്ത സ്കൂളുകളോട് കൂടുതൽ മെച്ചപ്പെടുത്തുന്നതിനും അവരുടെ മികച്ച സമ്പ്രദായങ്ങൾ വികസിപ്പിക്കുന്നതിനുമുള്ള അവരുടെ പദ്ധതികളുടെ രൂപരേഖ തയ്യാറാക്കാൻ ആവശ്യപ്പെടും. ഓരോ നിർദ്ദേശത്തിന്റെയും പ്രാധാന്യവും ആവശ്യവും അടിസ്ഥാനമാക്കി, സൂക്ഷ്മമായ അവലോകനത്തിനും നിരീക്ഷണത്തിനും ശേഷം സാമ്പത്തിക സഹായം നൽകും. ഈ സ്കൂളുകളിൽ അവരുടെ പ്രകടനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനും മാതൃകാ സമ്പ്രദായങ്ങൾ പ്രദർശിപ്പിക്കുന്നതിനുമായി തീവ്രമായ അക്കാദമിക് അനുബന്ധ അഡ്മിനിസ്ട്രേറ്റീവ് പ്രവർത്തനങ്ങൾ നടപ്പിലാക്കും. ഈ പ്രോഗ്രാം ആരംഭിക്കുന്നതിനാവശ്യമായ നടപടികൾ തുടർന്നുവരുന്നു.

**പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രവർത്തന പദ്ധതി**

സാമൂഹികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വയനാട് ഡയറ്റ് ഒരുക്കിയ പദ്ധതിയാണ് Tribal Education Management System. ഈ പദ്ധതിയുടെ ഭാഗമായി Tribal Student Support System വികസിപ്പിച്ചതിൽ Digital Attendance സംവിധാനം, അക്കാദമിക പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള Skilling programme, Smart painting, ആദിവാസി ഭവനങ്ങൾക്കുള്ള അടിസ്ഥാന പഠന സൗകര്യ പിന്തുണ, Performance Monitory and Feedback Mechanism എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. വയനാട് ജില്ലാപഞ്ചായത്ത് Co-ordination Committee യുടെ പരിഗണനയിലുള്ള ഈ പദ്ധതിയ്ക്ക് നിലവിൽ അംഗീകാരം ലഭിച്ചിട്ടില്ല. ആയതിനാൽ Wayanad TEMS മാതൃകയിൽ പൊതുവിദ്യാഭ്യാസ

ഡയറക്ടറേറ്റിൽ Special Enrichment Programme 350 സ്കൂളുകളിൽ നടപ്പിലാക്കുകയാണ്. ഈ വിഭാഗത്തിലെ കുട്ടികളുടെ ഉന്നമനത്തിന് വിവിധ വകുപ്പുകൾ Planning Board Chairman ന്റെ അദ്ധ്യക്ഷതയിൽ coordination committee 27/08/2025 തീയതിയിൽ ചേർന്നിട്ടുള്ളതാണ്.

വയനാട് ജില്ലയിൽ 11/09/2025 ന് സന്ദർശനം നടത്തുകയും പട്ടിക വർഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതി അവലോകനം ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ നടത്തുകയും പ്രസ്തുത അവലോകന യോഗത്തിൽ ജില്ലാ പഞ്ചായത്ത് സെക്രട്ടറി, ഡി.സി.പി.ഒ, ഡയറ്റ് പ്രിൻസിപ്പാൾ, ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, പോലീസ്, ഡെപ്യൂട്ടി റെയ്ഞ്ച് ഓഫീസർ (ഫോറസ്റ്റ്) എന്നിവർ ചേർന്ന് അവലോകന യോഗം നടത്തി. യോഗത്തിന്റെ അടിസ്ഥാനത്തിൽ അതുമായി ബന്ധപ്പെട്ട് ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. വയനാട് ജില്ലയിലെ ആകെ കുട്ടികളിൽ 20 ശതമാനവും പട്ടിക വർഗ്ഗ വിഭാഗത്തിലാണ്.

2. സ്കൂളുകളിൽ 50 ശതമാനം ഹാജരുള്ള കുട്ടികളുടെ എണ്ണം 343.

3. സ്കൂൾ തുറന്നതിനു ശേഷം ഹാജാരാകാത്ത കുട്ടികളുടെ എണ്ണം 184.

4. സ്കൂൾ തലത്തിൽ ഹാജർ ഉറപ്പിക്കുന്നതിന് വിവിധ വകുപ്പുകളുടെ കോ-ഓർഡിനേഷൻ മീറ്റിംഗ് നടത്തിയിരുന്നു.

5. 50 ശതമാനത്തിൽ കുറവ് ഹാജരുള്ള കുട്ടികളെ കേന്ദ്രീകരിച്ച് ട്രൈബൽ പ്രൊമോട്ടർമാർ, മെന്റർമാർ പഞ്ചായത്തുകളെ ചേർത്ത് നടത്തിയ കൂടിയാലോചനകളിൽ Drop Out രജിസ്റ്റർ സ്കൂൾ തലത്തിൽ നിർമ്മിക്കുകയും 15, 30, 45 ദിവസ കാലയളവിൽ പരിശോധിക്കപ്പെടുകയും ചെയ്യുന്നുണ്ട്.

6. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ സ്കൂളിൽ ഹാജരാകാത്ത കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ ഉന്നതി (കോളനി) അടിസ്ഥാനത്തിൽ പ്രൊമോട്ടർമാരുടെയും പഞ്ചായത്തുകളുടെയും യോഗം ചേരുന്നുണ്ട്.

7. രക്ഷിതാക്കളിലെ അവബോധ കുറവ് കുട്ടികളെ സ്കൂളിലെത്തിക്കുന്നതിന് തടസ്സമാകുന്നു.

8. സ്വന്തം ഗോത്രഭാഷയിലല്ലാതെ അധ്യയനം നടത്തുമ്പോഴുള്ള പ്രയാസം.

9. എല്ലാ ഊരുകളിലും യാത്രാസൗകര്യം ലഭ്യമല്ലാത്തത് (വിദ്യാവാഹിനി) പല വിദ്യാർത്ഥികൾക്കും സ്കൂളിൽ എത്തിച്ചേരുന്നതിന് തടസ്സമാകുന്നു.

10. പല വിദ്യാർത്ഥികൾക്കും കുടുംബാന്തരീക്ഷത്തിൽ രക്ഷിതാക്കളുടെ ലഹരി ഉപയോഗത്തിന്റെയും മറ്റും ഫലമായി പഠന സൗഹൃദ അന്തരീക്ഷം നിലവിലില്ലാത്തത്.

11. വിളവെടുപ്പ്, വിളയിറക്കൽ കാലങ്ങളിൽ കുട്ടികൾ രക്ഷിതാക്കൾക്കൊപ്പം കാർഷിക ജോലിക്ക് പോകുന്നത്.

12. അയൽ സംസ്ഥാനങ്ങളിലെ കൃഷിയിടങ്ങളിൽ രക്ഷിതാക്കൾക്കൊപ്പം തൊഴിൽ തേടി പോകുന്നത്.

മേൽ പ്രശ്നങ്ങൾക്ക് പരിഹാരമായി TEMS മാതൃകയിൽ Special Enrichment Programme-ൽ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

**<u>പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഉള്ള പഠന പദ്ധതി</u>**

കേരളത്തിന്റെ സ്കൂൾ വിദ്യാഭ്യാസ രംഗത്തെ ഉയർന്ന നില, എല്ലാ കുട്ടികൾക്കും ലഭ്യമാകണം. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കുട്ടികളെ അവരുടെ കഴിവിൻ്റെ പരമാവധി വികസിപ്പിച്ച് സമൂഹത്തിൽ യോജ്യമായ സ്ഥാനം നേടാൻ സഹായിക്കേണ്ടതാണ്. പ്രതീക്ഷിക്കാത്ത പ്രകൃതി ദുരന്തങ്ങൾ (പ്രത്യേകിച്ച് ഗോത്ര പ്രദേശങ്ങളിലും, തീരപ്രദേശങ്ങളിലും) മൂലമുള്ള വിദ്യാർത്ഥികളുടെ മാനസിക സമ്മർദ്ദവും മുഖ്യധാരയിൽ നിന്ന് വേർപെട്ട നിലയും അവരുടെ

വിദ്യാഭ്യാസത്തെ പ്രതികൂലമായി ബാധിക്കുന്നു. ഈ പദ്ധതി പിന്നാക്ക സമൂഹങ്ങളിൽപ്പെട്ട സർക്കാർ സ്കൂൾ വിദ്യാർത്ഥികൾക്ക് ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി സമ്പുഷ്ടമായ സഹായം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

കേരളത്തിലെ ഗോത്ര പ്രദേശങ്ങളിലെ സ്കൂൾ വിദ്യാഭ്യാസത്തിന് പ്രത്യേക ശ്രദ്ധ ആവശ്യമാണ്. NAS 2021 ഉൾപ്പെടെയുള്ള വിവിധ സർക്കാർ റിപ്പോർട്ടുകളും പഠനങ്ങളും പ്രകാരം, ഗോത്രവിദ്യാർത്ഥികളും മറ്റ് സാമൂഹിക വിഭാഗങ്ങളിലെ വിദ്യാർത്ഥികളും തമ്മിൽ അക്കാദമിക് പ്രകടനത്തിൽ വലിയ വ്യത്യാസമുണ്ട്.

1. കൂടുതൽ സ്കൂൾ വിട്ടുപോകൽ
2. കുറഞ്ഞ വിജയശതമാനം
3. ഉന്നത വിദ്യാഭ്യാസത്തിലേക്കുള്ള താൽപര്യക്കുറവ് എന്നിങ്ങനെ

പ്രത്യക്ഷമാണ്.

**<u>അക്കാദമിക് പ്രകടനത്തെ ബാധിക്കുന്ന പ്രധാന കാരണങ്ങൾ</u>**

1.മാതാപിതാക്കളുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ
2. പഠനമാധ്യമ വ്യത്യാസം
3. പാഠ്യപദ്ധതിയും സിലബസും ഗോത്ര വിദ്യാർത്ഥികളുടെ പശ്ചാത്തലവുമായി പൊരുത്തപ്പെടാത്തത്
4. മാതാപിതാക്കളുടെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ, കുട്ടികളുടെ പഠനത്തിൽ സ്വാഭാവിക തടസ്സങ്ങൾ സൃഷ്ടിക്കുന്നു. ഇത് മാതാപിതാക്കൾ പഠനപ്രക്രിയയിൽ ഇടപെടുന്നത് തടയുന്നു.
5. അതുപോലെ PTAകളും സ്കൂൾ പ്രവർത്തനങ്ങളിൽ സജീവമായി പങ്കാളികളാകാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു.
6. സ്കൂളുകളിൽ ICT, ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ കുറച്ച് മാത്രം ഉപയോഗിക്കപ്പെടുന്നു.
7. ക്ലാസ്റൂമുകൾ കൂടുതൽ സജീവവും പങ്കാളിത്തപരവുമാക്കുന്നതിൽ ICT-ക്ക് പ്രധാന പങ്ക് വഹിക്കുന്നതിനാൽ, ഉപയോഗക്കുറവ് വിദ്യാർത്ഥികളുടെ പഠനഫലത്തെ പ്രതികൂലമായി ബാധിക്കുന്നു.

8. അതിനാൽ ഗോത്ര സമൂഹങ്ങളുടെ പ്രാദേശിക സാഹചര്യങ്ങൾ പാഠ്യപദ്ധതിയിലും പാഠ്യപുസ്തകത്തിലും ഉൾപ്പെടുത്തണം.
9. അനുബന്ധ പാഠപുസ്തകങ്ങൾ വികസിപ്പിക്കുക
10. പ്രവർത്തനാധിഷ്ഠിത പഠനരീതികൾ (activity-oriented teaching) നടപ്പാക്കുക. ഇവ വഴി വിദ്യാർത്ഥി-മാതാപിതാവ്-അധ്യാപകൻ ബന്ധം ശക്തിപ്പെടുത്താനും പഠനഫലം മെച്ചപ്പെടുത്താനും കഴിയും.

**<u>വെല്ലുവിളികൾ (Challenges)</u>**

1. പ്രാഥമിക പഠനകാലത്ത് ഭാഷാ തടസ്സങ്ങൾ
2. പല ഗോത്ര പ്രദേശങ്ങളിലും മൗസമിക കടിയേറ്റം
3. കുട്ടികൾ മാതാപിതാക്കളോടൊപ്പം തോട്ടങ്ങളിലും തൊഴിലിടങ്ങളിലും ജോലിചെയ്യേണ്ട അവസ്ഥ
4. ഡിജിറ്റൽ ഉപകരണങ്ങളും നെറ്റ്‌വർക്ക് സൗകര്യങ്ങളും ഇല്ലായ്മ
5. പ്രതീക്ഷിക്കാത്ത പ്രകൃതി ദുരന്തങ്ങളും സാമൂഹിക വേർപാടുമൂലമുള്ള മാനസിക സമ്മർദ്ദം
6. ആർത്ഥിക പിന്നാക്കാവസ്ഥ - കുടുംബവരുമാനം കൂട്ടാൻ കുട്ടികളെ ജോലിക്കയക്കുന്നത്.

**പരിപാടിയുടെ ലക്ഷ്യം (Aim of the Programme)**

1. പ്രധാന പാഠ്യപുസ്തകത്തോടൊപ്പം പ്രാദേശിക സാഹചര്യങ്ങളുമായി ബന്ധിപ്പിക്കുന്ന അനുബന്ധ പാഠ്യപുസ്തകം
2. അധ്യാപകരും അധ്യാപകേതര ജീവനക്കാരും ഗോത്ര പശ്ചാത്തലം മനസ്സിലാക്കാൻ ശാസ്ത്രീയ പരിശീലനം
3. ഹയർസെക്കന്ററി ക്ലാസുകളിൽ പ്രത്യേക വിഷയങ്ങൾക്ക് പ്രത്യേക പിന്തുണ നൽകുക
4. സ്കൂളിൽ സ്ഥിരം അധ്യാപകരുടെയും കൗൺസിലർമാരുടെയും നിയമനം
5. 8–ാ ം ക്ലാസ് മുതൽ തുടർച്ചയായി കരിയർ ഓറിയന്റേഷൻ പരിപാടികൾ

ഗോത്രപ്രദേശ സ്കൂളുകൾ - ജില്ലാനുസൃത പട്ടിക

| Sl.No | District | Schools | No.of schools |
|---|---|---|---|
| 1 | Thiruvananthapuram | Tribal | 2 |
| 2 | Kollam | Tribal | 1 |
| 3 | Pathanamthitta | Tribal | 2 |
| 4 | Kottayam | Tribal | 3 |
| 5 | Idukki | Tribal | 4 |
| 6 | Ernakulam | Tribal | 3 |
| 7 | Thrissur | Tribal | 2 |
| 8 | Palakkad | Tribal | 3 |
| 9 | Malappuram | Tribal | 2 |
| 10 | Kozhikode | Tribal | 1 |
| 11 | Wayanad | Tribal | 9 |
| 12 | Kannur | Tribal | 3 |
| 13 | Kasaragod | Tribal | 5 |
| | **Total** | | **40** |

2025-26 വർഷത്തിൽ സംസ്ഥാനത്തെ 50 സ്കൂളുകളെ തിരഞ്ഞെടുത്ത് Special Enrichment Programme നടപ്പിലാക്കുന്നു. പ്രസ്തുത പരിപാടി മുഖേന തിരഞ്ഞെടുത്ത സ്കൂളുകളിൽ ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി വരുന്നു.

1.Cumulative Record preparation
2.Expert Classes
3.Camps
4.Skill Development Workshops
5.Exposure Trips
6.Improving Infrastructure Facilities

| | | | |
|---|---|---|---|
| | | | 7.Parental Awareness Programme<br>8.Student Support System<br><br>മേൽ പറഞ്ഞ സ്കൂളകൾക്ക് ഒന്നാം ഘട്ട ഫണ്ട് ആയി ഓരോ സ്കൂളിനും 4,56,500/- രൂപ (ക്യുമുലേറ്റീവ് റെക്കോർഡ് തയ്യാറാക്കൽ- 15,000/- രൂപ, എക്സ്പെർട്ട് ക്ലാസുകൾ- 30,000/- രൂപ, ക്യാമ്പുകൾ 46,000/- രൂപ, നൈപുണ്യ വികസന ശിൽപശാല 46000/-, പഠനയാത്ര 30,000/-, രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ പരിപാടി- 9,000/- രൂപ, ഭൗതിക സാഹചര്യ വികസനം- 2,55,500/- രൂപ, വിദ്യാർത്ഥി പിന്തുണ പരിപാടി - 25,000/-) അനുവദിച്ച് നൽകിയിട്ടുണ്ട്.<br>27/08/2025 ന് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ അധ്യക്ഷതയിൽ സംസ്ഥാന ആസൂത്രണ ബോർഡിൽ വച്ച് പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനുള്ള സംസ്ഥാനതല മീറ്റിംഗ് കൂടി. എല്ലാ ജില്ലാ കളക്ടർമാരുടെയും യോഗം കൂടുവാനും, 12/09/2025 ന വയനാട് ജില്ലയിൽ ഒരു അവലോകന യോഗം കൂടുവാനും തീരുമാനിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 12/09/2025-ന് വയനാട് ജില്ലാതല യോഗം കൂടുകയും ചെയ്തു. കൂടാതെ 50 ൽ കൂടുതൽ എസ്.ടി കുട്ടികൾ പഠിക്കുന്ന 300 സ്കൂളുകൾ അടുത്ത വർഷത്തിൽ (2026-27) Special Enrichment Programme ൽ ഉൾപ്പെടുത്തുവാൻ പ്ലാൻ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ